**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** **03-03-2025 - ൽ മറുപടിയ്ക്ക്**

**പാട്യം ആയുർവേദ ഡിസ്പൻസറിയിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാട്യം ആയുർവേദ ഡിസ്പൻസറിയിൽ കിടത്തിച്ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തെങ്കിലും ആവശ്യമായ തസ്തികകൾ അനുവദിക്കാത്തത് കാരണം പൊതുജനങ്ങൾക്ക് ചികിത്സ ലഭ്യമാക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പാട്യം ഗവ. ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടില്ല.<br>നിലവിൽ ടി സ്ഥാപനം പാട്യം ഗവ. ആയുർവേദ ഡിസ്പെൻസറിയായി പ്രവർത്തിച്ചു വരികയും അതുവഴി പൊതുജനങ്ങൾക്ക് ഒപി ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങൾക്ക് ചികിത്സ ലഭ്യമാകാത്ത സാഹചര്യം നിലവിൽ ഇല്ല. |
| (ബി) | പാട്യം ആയുർവേദ ഡിസ്പൻസറി ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (ബി) | തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ